Malayala Manorama 08.11.2024

# സ്വദേശി ശാസ്ത്ര കോൺഗ്രസ് തുടങ്ങി

## ▸▸ കൊച്ചി സിഫ്റ്റിൽ നടക്കുന്ന കോൺഗ്രസ് നാളെ സമാപിക്കും



സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഉദ്ഘാടനം ഹൈദരാബാദിലെ ഐസിഎആർ-നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസേർച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ.സി.എച്ച്.ശ്രീനിവാസ റാവു നിർവഹിക്കുന്നു.

കൊച്ചി ● കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ- സിഫ്റ്റിന്റെ സഹകരണത്തോടെ കേരള സ്വദേശി ശാസ്ത്ര പ്രസ്ഥാനം സംഘടിപ്പിക്കുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കമായി. 'നെറ്റ് സീറോ എമിഷൻ : സമീപനങ്ങളും തന്ത്രങ്ങളും' എന്നതാണ് ഇത്തവണത്തെ വിഷയം.

ഹൈദരാബാദ് ഐസിഎആർ റിസേർച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ.സി.എച്ച്. ശ്രീനിവാസ റാവു ഉദ്ഘാടനം ചെയ്തു. ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു.

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി.രവീന്ദ്രൻ, ഡോ. നികിത ഗോപാൽ, ഡോ.സി.എൻ.ദിനേശ് , രാജീവ് സി. നായർ, സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള പ്രസിഡന്റ് ഡോ. കെ.മുരളീധരൻ എന്നിവർ പ്രസംഗിച്ചു.

14 സെഷനുകളിലായി 200-ലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നുണ്ട്. നാളെ സമാപന ചടങ്ങിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാവും.